ഭരണഭാഷ-മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**
**തിരുവനന്തപുരം**
**dtekerala@gmail.com**
**0471 2561307**

<u>മേലെഴുത്ത് നമ്പർ :</u> തീയതി: **20-06-2026**
**<u>DTETVM/4945/2026-EA2 (EA)</u>**

ഈ വർഷത്തെ വായനാദിന മാസാചരണത്തിന്റെ ഭാഗമായി പി.എൻ. പണിക്കർ വിജ്ഞാൻ വികാസ് കേന്ദ്രയുടെ ബോർഡ് ഓഫ് മാനേജ്മെന്റ് യോഗവുമായി ബന്ധപ്പെട്ട് ബഹു.പൊതു വിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ **2026** ജൂൺ **4**-ാ ം തീയതി കൂടിയ യോഗത്തിൻ്റെ നടപടിക്കുറിപ്പ് തുടർനടപടികൾക്കായി ഇതോടൊപ്പം ഉള്ളടക്കം ചെയ്ത് അയയ്ക്കുന്നു.

വിശ്വസ്തതയോടെ,

Digitally signed by
RASHEEDA S
Date: 20-06-2026
16:48:14

**RASHEEDA S**
**SENIOR ADMINISTRATIVE OFFICER**

പകർപ്പ്
എല്ലാ സ്ഥാപന മേധാവികൾക്കും (ഔദ്യോഗിക വെബ്സൈറ്റ് മുഖാന്തിരം)

ഡോ. എ. ജയതിലക് ഐഎഎസ്
ചീഫ് സെക്രട്ടറി
Dr. A. JAYATHILAK IAS
CHIEF SECRETARY

കേരള സർക്കാർ
തിരുവനന്തപുരം 695 001
Government of Kerala
Thiruvananthapuram-695 001

HIGHER EDUCATION DEPARTMENT
1 2 JUN 2026
GOVT. SECRETARIAT, TVPM

**D.O.No.90/CSO/2026/CS** **08.06.2026**

**Dear District Collector,**

Please find the request dated 06.06.2026 fom the Vice Chairman of the P.N.Panicker Foundation regarding the celebration of 31st P.N.Panicker memorial Reading Day and Reading Month, 2026.

The State Government of Kerala has been celebrating 19th June as the Day of Reading and the following week as the Reading week since 1996.

Please convene District Level Organising Committees and guide the Reading Mission towards the envisioned outcomes in the larger interest of our children and the nation.

Yours Sincerely,

All District Collectors

Copy : 1. Director of General Education

2. Shri N. Balagopal
Vice Chairman
P.N.Panicker Foundation
509, Sangeeth Nagar
Thycaud, Thiruvananthapuram -695014.




पि.एन. पणिक्कर विज्ञान विकास केन्द्र

**P.N. PANICKER VIGYAN VIKAS KENDRA**

പി.എൻ. പണിക്കർ വിജ്ഞാൻ വികാസ് കേന്ദ്ര

Krishnalaya, Opp. Govt. Arts College, Thycaud, Thiruvananthapuram-695014
Phone : 2332426 Fax : 0471-2322426 Mobile : 9447064944
website : www.pnpanickerfoundation.org e-mail.: kedesindia@gmail.com


# "വായനദിന പ്രതിജ്ഞ"

"ഞാൻ, വായിച്ചു വളർന്ന്, ഭാരതത്തിന്റെ അഖണ്ഡതയും, സംസ്കാരവും ഉയർത്തുവാൻ വേണ്ട പ്രവർത്തനങ്ങളിൽ സജീവമായി പങ്കുചേരും. തീവ്രവാദത്തിനും, മതമൗലികവാദത്തിനുമെതിരെ പ്രതികരിക്കുകയും, മദ്യം-മയക്കുമരുന്ന്, സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ തുടങ്ങിയവയ്ക്കെതിരെ ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യും. വിനാശകരമായി വളർന്നുവരുന്ന അഴിമതിയും, അനീതിയും തുടച്ച് നീക്കുവാൻ കഴിയുന്നവിധം പരിശ്രമിക്കും.

ഭാരതത്തിലെ നിയമവ്യവസ്ഥകൾ ശരിയാംവണ്ണം പാലിക്കുകയും, ശാന്തിയും സമാധാനവും, സുരക്ഷിതത്വവുമുള്ള അന്തരീക്ഷം നിലനിർത്താൻ പൂർണ്ണമായി പ്രയത്നിക്കുകയും ചെയ്യും. നമ്മുടെ അമൂല്യ സമ്പത്തായ സൗരോർജ്ജം, ശുദ്ധജലം, പരിസ്ഥിതി മുതലായവ ശരിയായും, സ്വച്ഛമായും ഉപയോഗപ്പെടുത്തും. എന്റെ രാജ്യത്തെ ലോകരാഷ്ട്രങ്ങളുടെ മുൻപന്തിയിൽ എത്തിക്കാൻ വേണ്ട പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കുകയും അതിനുവേണ്ടി മറ്റുള്ളവരെ പ്രേരിപ്പിക്കുകയും ചെയ്യും."

**"വായിച്ചു വളരും ചിന്തിച്ചു വിവേകം നേടും**

**വായിച്ചു വളരും ചിന്തിച്ചു വിവേകം നേടും**

**വായിച്ചു വളരും ചിന്തിച്ചു വിവേകം നേടും"**

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

പൊതുവിദ്യാഭ്യാസ (എൻ) വകുപ്പ്
son.gedn@kerala.gov.in, 0471-2518727

നമ്പർ. N1/107/2026-G.EDN

05-06-2026,തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ
തിരുവനതപുരം

ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

സർ,

വിഷയം:- പൊതുവിദ്യാഭ്യാസ വകുപ്പ് - പി.എൻ. പണിക്കർ വിജ്ഞാൻ വികാസ് കേന്ദ്ര ബോർഡ് ഓഫ് മാനേജ്മെൻ്റ് യോഗം - മിനിട്സ് അയച്ചുനൽകുന്നത് സംബന്ധിച്ച്.

സൂചന:- ബഹു.പൊതു വിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 2026 ജൂൺ 4-ാം തീയതി ചേർന്ന യോഗത്തിന്റെ മിനിറ്റ്സ്

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. ഈ വർഷത്തെ വായനദിന-മാസാചരണത്തിന്റെ ഭാഗമായി പി.എൻ. പണിക്കർ വിജ്ഞാൻ വികാസ് കേന്ദ്രയുടെ ബോർഡ് ഓഫ് മാനേജ്മെന്റ് യോഗവുമായി ബന്ധപ്പെട്ട് ബഹു.പൊതു വിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 2026 ജൂൺ 4-ാം തീയതി വ്യാഴാഴ്ച രാവിലെ 11 മണിക്ക് നിയമസഭ കോംപ്ലക്സിലുള്ള ബഹു.പൊതു വിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രിയുടെ ചേമ്പറിൽ ചേർന്ന യോഗത്തിന്റെ മിനിട്സ് അറിവിലേക്കും തുടർ നടപടികൾക്കുമായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ,
ബിജുകുമാർ ബി റ്റി
ജോയിന്റ് സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

Signed by
Siju Vasudevan
Date: 05-06-2026 16:27:04

സെക്ഷൻ ഓഫീസർ.

പകർപ്പ്:

ശ്രീ. എൻ. ബാലഗോപാൽ, വൈസ് ചെയർമാൻ, പി.എൻ.പണിക്കർ വിജ്ഞാൻ വികാസ് കേന്ദ്ര, തിരുവനന്തപുരം ( പി.എൻ. പണിക്കർ വിജ്ഞാൻ വികാസ് കേന്ദ്ര ബോർഡ് ഓഫ് മാനേജ്മെന്റ് അംഗങ്ങൾക്ക് മിനിട്സ് അയച്ചു നൽകുന്നതിലേക്കായി )

**2026 ജൂൺ 4-ാം തീയതി വ്യാഴാഴ്ച രാവിലെ 11 മണിക്ക്**
**പൊതു വിദ്യാഭ്യാസ മന്ത്രിയുടെ അസംബ്ലി ചേമ്പറിൽ കൂടിയ**
**പി.എൻ.പണിക്കർ വിജ്ഞാൻ വികാസ് കേന്ദ്ര ബോർഡ് ഓഫ് മാനേജ്മെന്റ് യോഗ മിനിറ്റ്സ്**

സംസ്ഥാന പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയും പി.എൻ.പണിക്കർ വിജ്ഞാൻ വികാസ് കേന്ദ്ര ചെയർമാനുമായ **ബഹു. ശ്രീ. എൻ. ഷംസുദ്ദീൻ** അധ്യക്ഷത വഹിച്ചു

യോഗത്തിൽ താഴെപ്പറയുന്നവർ പങ്കെടുത്തു.

| | |
|---|---|
| ശ്രീ. എൻ. ബാലഗോപാൽ | - വൈസ് ചെയർമാൻ<br>പി.എൻ.പണിക്കർ വിജ്ഞാൻ വികാസ് കേന്ദ്ര |
| ശ്രീ. പാലോട് രവി | - മെമ്പർ<br>പി.എൻ.പണിക്കർ വിജ്ഞാൻ വികാസ് കേന്ദ്ര |
| ശ്രീ. പന്ന്യൻ രവീന്ദ്രൻ | - മെമ്പർ<br>പി.എൻ.പണിക്കർ വിജ്ഞാൻ വികാസ് കേന്ദ്ര |
| ശ്രീ. ടി.വി. സുബാഷ് IAS | - സ്പെഷ്യൽ സെക്രട്ടറി<br>ഇൻഫർമോഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് |
| ശ്രീ. ആസിഫ് കെ. യൂസഫ് IAS | - ഡയറക്ടർ ജനറൽ ഓഫ് എഡ്യുക്കേഷൻ |
| ശ്രീ. എ. അബൂബേക്കർ | - ജോയിന്റ് ഡയറക്ടർ<br>ഡി.ജി.ഇ ഓഫീസ് |
| ശ്രീമതി. ലിയ ലത്തീഫ് | - ഡെപ്യൂട്ടി സെക്രട്ടി<br>ജനറൽ എഡ്യുക്കേഷൻ |
| ശ്രീമതി. ദീപ്തി | - എ.എസ്.ഒ, ജനറൽ എഡ്യൂക്കേഷൻ |

1. കേരളത്തിന് അഭിമാനമായ പി.എൻ. പണിക്കർ 1945-ൽ വായന പ്രോത്സാഹിപ്പിക്കുവാൻ കേരള ഗ്രന്ഥശാലാ സംഘം രൂപീകരിച്ചു. 47 ഗ്രന്ഥശാലകൾ മാത്രം പ്രവർത്തിച്ചിരുന്ന തിരുവിതാംകൂറിൽ ഗ്രന്ഥശാലാ സംഘം തിരു-കൊച്ചി ഗ്രന്ഥശാലാ സംഘമായും 1957-ൽ കേരള ഗ്രന്ഥശാലാ സംഘമായും മാറി. അദ്ദേഹത്തിന്റെ മരണംവരെ ഒറ്റയാൾ പട്ടാളമായി കേരളത്തിന്റെ എല്ലാ കോണുകളിലും പലപ്പോഴും കാൽനടയായി സഞ്ചരിച്ച് യുവാക്കളെ കൂട്ടിയോജിപ്പിച്ച് 5,183 ഗ്രന്ഥശാലകൾ കേരളത്തിൽ സ്ഥാപിച്ച് വായന സംസ്ക്കാരം വളർത്തി. ലോകത്തിന് തന്നെ അഭിമാനമായ സമ്പൂർണ സാക്ഷരത കൈവരിക്കുവാൻ കഴിഞ്ഞു. 1945-ൽ തുടങ്ങിയ വായന വസന്തത്തിന്റെ 81-ാം വാർഷികം ഇന്ത്യ ഒട്ടാകെ ഒരു മാസക്കാലം വായനക്ക് കൂടുതൽ മാനങ്ങൾ നൽകി ആഘോഷിക്കുന്നു. കൂടാതെ കേരള സർക്കാർ പ്രഖ്യാപിച്ച വായനദിനം ഇന്ന് ദേശീയതലത്തിൽ ചലനങ്ങൾ സൃഷ്ടിച്ചിരിക്കുകയാണ്. ഏതാണ്ട് 410 ദശലക്ഷം ജനങ്ങളിൽ പ്രത്യേകിച്ച് കുട്ടികളിലും പാവപ്പെട്ട ജനവിഭാഗത്തിനും വായയുടെ സന്ദേശം എത്തിക്കുവാൻ കഴിഞ്ഞത് ചാരിതാർത്ഥ്യജനകമാണെന്ന് വൈസ് ചെയർമാൻ ശ്രീ. എൻ. ബാലഗോപാൽ പറയുകയുണ്ടായി. 31-ാമത് പി.എൻ.പണിക്കർ അനുസ്മരണ ദേശീയ വായന മഹോത്സവം പൂർവ്വാധികം ശക്തിയോടെ രാജ്യത്തെ 28 സംസ്ഥാനങ്ങളിലും 8 കേന്ദ്ര ഭരണ പ്രദേശങ്ങളിലും വിദേശത്തും നടപ്പിലാക്കുവാനുള്ള തയ്യാറെടുപ്പുകൾ നടന്നു വരുന്നതായും അദ്ദേഹം പറയുകയുണ്ടായി. വായനയും ഡിജിറ്റൽ വായനയും പ്രോത്സാഹിപ്പിക്കുവാനും, തൊഴിൽ നൈപുണ്യത്തിന് ഊന്നൽ നൽകുവാനും ഉതകുന്ന ഈ അർത്ഥവത്തായ പരിപാടികൾക്ക് രാജ്യവ്യാപകമായി ആവേശകരമായ സ്വീകരണമാണ് ലഭിച്ചുവരുന്നതെന്നും വൈസ് ചെയർമാൻ പറയുകയുണ്ടായി.

OFFICE OF THE MINISTER FOR GENERAL EDUCATION
GOVT OF KERALA

4.6.26

എൻ. ഷംസുദ്ദീൻ
പൊതുവിദ്യാഭ്യാസവും യുവജനക്ഷേമവും
വകുപ്പ് മന്ത്രി

കുട്ടികളിലും യുവാക്കളിലും സമൂഹത്തിലെ താഴെക്കിടയിലുള്ളവരിലും വായന പ്രോത്സാഹിപ്പിക്കുവാനുള്ള ഈ ഉദ്യമത്തിന് കൂടുതൽ ശക്തി നൽകുവാൻ താഴെപ്പറയുന്ന കാര്യങ്ങൾ മുൻ വർഷങ്ങളിലെപ്പോലെ തുടർന്നും നടത്തുവാൻ ബോർഡ് തീരുമാനിച്ചു.

2. വായനയുടെ 81-ാം വാർഷികവും വായനദിനത്തിന്റെ 31-ാം വാർഷകവും വായനയ്ക്കും ഡിജിറ്റൽ വായനയ്ക്കും ഊന്നൽ നൽകി നവീന പരിപാടികളോടെ പൊതുവിദ്യാഭ്യാസ മന്ത്രി ശ്രീ. എൻ. ഷംസുദ്ദീന്റെ നേതൃത്വത്തിൽ ഇക്കൊല്ലം നടത്തുവാൻ തീരുമാനിച്ചു.

3. സംസ്ഥാനത്തെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും വായനദിന-മാസാചരണത്തിൽ പങ്കാളിയാകുവാനും ഉചിതമായി ആഘോഷിക്കുവാനും ഡയറക്ടർ ജനറൽ ഓഫ് എഡ്യൂക്കേഷൻ എല്ലാ സ്കൂളുകൾക്കും മുൻ വർഷങ്ങളിലെപ്പോലെ നിർദ്ദേശം നൽകുവാൻ ഡി.ജി.ഇ-യെ ചുമതലപ്പെടുത്തി. കുട്ടികളിലും സമൂഹത്തിലെ താഴെക്കിടയിലുള്ളവരിലും വായനശീലം വളർത്തി കുട്ടികൾ വായനദിന പ്രതിജ്ഞ ചൊല്ലുന്ന കർമ്മം എല്ലാ സ്കൂളുകളിലും നടപ്പിലാക്കണമെന്നും തീരുമാനിച്ചു.

4. ജില്ല കളക്ടർമാരുടെ നേതൃത്വത്തിൽ ജില്ലാതല വായനദിന കമ്മിറ്റി സംഘടിപ്പിച്ച് (കമ്മിറ്റിയുടെ ഘടന ഇതോടൊപ്പം) പ്രവർത്തനം ശക്തിപ്പെടുത്തുവാൻ കളക്ടമാർക്ക് ചീഫ് സെക്രട്ടറിയുടെ ഓഫീസ് വഴി മുൻ വർഷങ്ങളിലെപ്പോലെ നിർദ്ദേശം നൽകുവാൻ തീരുമാനിച്ചു.

5. ഒരു ലക്ഷം രൂപ പ്രൈസ് മണിയുള്ള ഹൈസ്കൂൾ കുട്ടികളുടെ ക്വിസ് മത്സരം സ്കൂൾതലം, ജില്ലാതലം, സംസ്ഥാനതലം എന്നീ രീതിയിൽ സംഘടിപ്പിക്കുവാനും അതിന്റെ മേൽനോട്ടം ഡിജിഇ നേതൃത്വത്തിൽ ജില്ലാ കമ്മിറ്റികൾ വഴി നടപ്പിലാക്കണമെന്നും തീരുമാനിച്ചു.

6. കുട്ടികളിൽ സകിൽ ഡെവലപ്മെന്റിന് പ്രാധാന്യം നൽകി വിവിധ പരിപാടികൾ ഇക്കാലയളവിൽ നടത്തുവാൻ സ്കൂൾ അധികൃതർക്ക് നിർദ്ദേശം നൽകുവാൻ ഡിജിഇ-യെ ചുമതലപ്പെടുത്തി.

8. പി.എൻ.പണിക്കരുടെ ചിത്രത്തോടുകൂടിയ **'വായിച്ചു വളരുക'** ബഹുവർണ പോസ്റ്റർ വായനദിന-മാസാചരണത്തിന്റെ പ്രചരണത്തിന്റെ ഭാഗമായി ഒരു ലക്ഷം കോപ്പി തയ്യാറാക്കുവൻ ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നൽകി. ഡിസൈൻ പി.എൻ.പണിക്കർ വിജ്ഞാൻ വികാസ് കേന്ദ്ര തയ്യാറാക്കണമെന്നും തീരുമാനിച്ചു.

9. പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുവാനും ഒരുമാസം നീണ്ടുനിൽക്കുന്ന പരിപാടകൾ ക്രമീകരിക്കുവാനും നേതൃത്വം നൽകുന്ന ജില്ലാ കമ്മിറ്റികളുടെ കൺവീനർമാരായി പി.ആർ.ഡി ജില്ലാ ഓഫീസർമാരേയും പി.എൻ.പണിക്കർ ജില്ലാ സെക്രട്ടറിയേയും ചുമതലപ്പെടുത്തുവാൻ ഐ&പി.ആർ.ഡി സെക്രട്ടറിക്ക് നിർദ്ദേശം നൽകി.

10. 31-ാമത് വായനദിന-മാസാചരണത്തിനുവേണ്ടി 10-06-2026 ന് വിദ്യാഭ്യാസ മന്ത്രി പി.ആർ.ഡി ചേമ്പറിൽ പ്രസ് കോൺഫറൻസ് നടത്തണമെന്നും വിദ്യാഭ്യാസ മന്ത്രിയുടെ വായനദിന സന്ദേശം ജൂൺ 19-ാം തീയതി ദൂർദർശൻ വഴി സംപ്രേഷണം ചെയ്യുവാനും ആകാശവാണി വഴി പ്രക്ഷേപണം ചെയ്യുവാനും തീരുമാനിച്ചു. എല്ലാ പത്ര മാധ്യമങ്ങൾക്കും ഇതിന്റെ ലിങ്ക് അയക്കുവാനും തീരുമാനിച്ചു.

11. ലഹരി വിരുദ്ധ സന്ദേശവുമായി അലങ്കരിച്ച സ്പെഷ്യൽ ബസ്സിൽ ഒരുമാസം നീണ്ടുനിൽക്കുന്ന ജനസമ്പർക്ക പരിപാടി, തെരുവ് നാടകം, പാവക്കളി, ഓട്ടം തുള്ളൽ, ഫ്ളാഷ് മോബ് തുടങ്ങിയ കലാസൃഷ്ടികളോടെ കേരളത്തിലെ വിവിധ കേന്ദ്രങ്ങളിൽ പര്യടനം നടത്തണമെന്നും തീരുമാനിച്ചു.

4-6-26

12. 81-ാമത് വായന മഹോത്സവത്തിന്റെയും 31-ാമത് വായനദിനത്തിന്റെയും ഉദ്ഘാടനം ജൂൺ 19-ാം തീയതി രാവില 11.30 മണിക്ക് കനകക്കുന്ന് കൊട്ടാരത്തിൽ പ്രൗഢഗംഭീരമായ ചടങ്ങിൽ പൊതുവിദ്യാഭ്യാസ മന്ത്രി ശ്രീ. എൻ. ഷംസുദ്ദീന്റെ അധ്യക്ഷതയിൽ മുഖ്യമന്ത്രി ശ്രീ. വി.ഡി. സതീശൻ നിർവ്വഹിക്കാമെന്ന് സമ്മതിച്ചതായി വൈസ് ചെയർമാൻ ശ്രീ. എൻ. ബാലഗോപാൽ യോഗത്തെ അറിയിച്ചു. കൂടാതെ ഉന്നത വിദ്യാഭ്യാസ മന്ത്രി ശ്രീ. റോജി എം. ജോണിനെ മുഖ്യാതിഥിയായി പങ്കെടുക്കുവാൻ ക്ഷണിച്ചതായും പറഞ്ഞു.

13. റെയിവേ സ്റ്റേഷനുകൾ, പോലീസ് സ്റ്റേഷനുകൾ, ബസ് സ്റ്റാന്റുകൾ, ചന്തകൾ, തൊഴിലുറപ്പ് കേന്ദ്രങ്ങൾ തുടങ്ങിയ പൊതുസ്ഥലങ്ങളിൽ മുൻ വർഷങ്ങളിലെപ്പോലെ വായന സദസ്സ് സംഘടിപ്പിക്കുവാൻ തീരുമാനിച്ചു.

14. വായനദിന-മാസാചരണത്തിന്റെ ക്രമീകരണങ്ങൾ നടത്തുവാനും ഉചിതമായ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാനും വൈസ് ചെയർമാൻ ശ്രീ. എൻ. ബാലഗോപാലിനെ ബോർഡ് ചുമതലപ്പെടുത്തി.

15. വായനദിന-മാസാഘോഷങ്ങൾ സംഘടിപ്പിക്കുന്നതിന് മുൻ വർഷങ്ങളിലെപ്പോലെ കനകക്കുന്ന് കൊട്ടാരം സൗജന്യമായി ലഭിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുവാൻ വൈസ് ചെയർമാൻ ശ്രീ. എൻ. ബാലഗോപാലിനെ ചുമതലപ്പെടുത്തി.

16. ഇക്കൊല്ലത്തെ വായനദിന-മാസാഘോഷത്തിന്റെ മുദ്രാവാക്യം **'വായനയാണ് വികസനം'** എന്നതാണ്.

17. പൊതുവിദ്യഭ്യാസ മന്ത്രിയുടെ നോമിനികളായി രണ്ടുപേരെ ഉൾപ്പെടുത്തി ബോർഡ് പുനഃസംഘടിപ്പിക്കുവാൻ തീരുമാനിച്ചു.

18. നവീന പദ്ധതികൾ ആവിഷ്ക്കരിച്ച്, പി.എൻ.പണിക്കർ വിജ്ഞാൻ വികാസ് കേന്ദ്രയുടെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുവാൻ എത്രയും വേഗം വിദ്യാഭ്യാസ മന്ത്രിയുടെ അധ്യക്ഷതയിൽ കമ്മിറ്റി കൂടി ചർച്ച ചെയ്യുവാൻ തീരുമാനിച്ചു.

19. പി.എൻ.പണിക്കർ വിജ്ഞാൻ വികാസ് കേന്ദ്രയുടെ ഗ്രാന്റ് ഇൻ എയ്ഡ് വർദ്ധിപ്പിക്കുന്നതിനുവേണ്ടി അപേക്ഷ നൽകുന്നതിന് വൈസ് ചെയർമാനെ ചുമതലപ്പെടുത്തി.

11.30 മണിയോടുകൂടി യോഗം പിരിഞ്ഞു.

4.6.26

എൻ. ഷംസുദ്ദീൻ
പൊതുവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി

P.N.PANICKER VIGYAN VIKAS KENDRA * THIRUVANANTHAPURAM-695 014 * THYCAUD

OFFICE OF THE MINISTER FOR EDUCATION * GOVT. OF KERALA *